**Mathrubhumi, Oct 05 2008**

# ലയോള സ്കൂളിന് കിരീടം

**കൊച്ചി:** ടി.സി.എസ് ഐ.ടി. ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂൾ വിജയികളായി.

സ്കൂളിനെ പ്രതിനിധീകരിച്ച് മത്സരിച്ച അച്യുത് വാസുദേവൻ, അജു ബേസിൽ ജെയിംസ് എന്നിവരാണ് ഒന്നാം സമ്മാനമായ ലാപ്ടോപ്പും ട്രോഫിയും കരസ്ഥമാക്കിയത്. കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിലെ ആദിത്യ ഉണ്ണികൃഷ്ണനും കൃഷ്ണകുമാറും ഉൾപ്പെട്ട ടീമാണ് റണ്ണേഴ്സ് അപ്പ്.

എയർപോർട്ട് ഡയറക്ടർ എ.സി.കെ. നായർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ടി.സി.എസ് കൊച്ചി മേധാവി ദിനേശ് തമ്പി ചടങ്ങിൽ പങ്കെടുത്തു.

കൊച്ചിയിൽ നിന്നുള്ള വിദ്യാർഥികൾക്ക് പുറമെ കണ്ണൂർ, പാലക്കാട്, ഇടുക്കി, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം, മൂന്നാർ എന്നിവിടങ്ങളിൽ നിന്നുള്ളവരും പങ്കെടുത്തു.